അത്ഭുതങ്ങളാൽ മഹാത്ഭുതങ്ങളാ**ൽ**

യിസ്രായേലിനെ നടത്തിയ ദൈവം

ഇന്നും ജീവിക്കുന്നു തന്റെ മക്കൾക്കായ്

അത്ഭുതങ്ങളെ പ്രവർത്തിച്ചിടുവാ**ൻ** (2)

എന്റെ ദൈവം ഉന്നത**ൻ** ഉയർന്നവ**ൻ** പരിശുദ്ധ**ൻ**

എന്റെ ദൈവം ഉന്നത**ൻ** സർവ്വശക്ത**ൻ** (2) എന്റെ ദൈവം.....

ഹല്ലേലുയ്യാ ഹല്ലേലുയ്യാ എന്റെ ദൈവം

ഉന്നത**ൻ** സർവ്വശക്ത ൻ . (2) എന്റെ ദൈവം.....

നീതിയുള്ള ജാതി പ്രവേശിക്കുവാൻ

വാതിലുകളെ തുറന്നിടുമവൻ

വിശ്വസ്ഥതയോടെ ജീവിക്കുന്നോർക്കായ്

പുതുവഴികളെ തുറന്നിടുമവ**ൻ** . (2) എന്റെ ദൈവം.....

പാറയിൽ നിന്നും നീരോഴുക്കുക ൾ

പുറപ്പെടുവിച്ച തന്റെ കരത്താ ൽ

അന്ത്യത്തോളവും ജയോത്സവമായി

തന്റെ മക്കളെ നടത്തിടും ദൈവം. (2) എന്റെ ദൈവം.....

മരുഭുമിയിൽ വേണ്ടുന്നതെല്ലാം

കരുതുന്നവൻ കൂടെയുള്ളതാ**ൽ**

പ്രത്യാശയോടെ സ്വർഗ്ഗകനാനെ

ലക്ഷ്യമാക്കി നാം യാത്ര ചെയ്തിടാം. (2) എന്റെ ദൈവം.....